നിലവാരത്തിൽ വന്നുകൊണ്ടിരിക്കുന്ന അധഃപതനം, സാമൂഹ്യമായ ഉത്തരവാദിത്തത്തോടുള്ള വർദ്ധമാനമായ അനാസ്ഥ, ബുദ്ധിജീവിവർഗ്ഗത്തിനു സമൂഹത്തിൽനിന്നുമുള്ള ബന്ധവിച്ഛേദം (ഏലിയനേഷൻ) മുതലായ പ്രശ്നങ്ങൾ ആഴത്തിൽ പരാമർശിക്കപ്പെട്ടു. സേവനത്തുറകളിൽ പ്രവർത്തിക്കുന്നവർ വിപ്ലവകരമായ ഒരു സദാചാരസംഹിതയ്ക്കു വിധേയരാവണമെന്നും, നമ്മുടെ സമൂഹത്തിൽ കോടിക്കണക്കിനുള്ള അവശരുടെ ആവശ്യങ്ങൾ നിറവേററുന്നതിനു് ഈ സേവനങ്ങൾ പുനഃസമർപ്പിക്കപ്പെടണമെന്നുള്ള കാര്യത്തിൽ ആർക്കും സംശയമുണ്ടായിരുന്നില്ല.

സമ്മേളനം അംഗീകരിച്ച ഒരു പ്രഖ്യാപനം, സേവനത്തുറകളിൽ വിപ്ളവവിരുദ്ധമൂല്യങ്ങൾ വളർന്നുവരുന്നതിൽ ആശങ്ക രേഖപ്പെടുത്തി. സമൂഹത്തിലെ ഉന്നതവർഗങ്ങളുടെ ആവശ്യങ്ങൾ നിറവേററാനാണു് ഇന്നു് ഈ സേവനത്തുറകൾ മുഖ്യമായും ഉപകരിക്കുന്നതു്. നമ്മുടേതു പോലുള്ള ഒരു ദരിദ്രരാജ്യത്തിൽ സേവനത്തുറകളിലേർപ്പെട്ടവർക്കു സാധാരണജനങ്ങളോടു സവിശേഷമായ ഉത്തരവാദിത്തമുണ്ടു്. കാരണം, സേവനങ്ങൾക്കു സാമ്പത്തിക പ്രതിഫലം നൽകാൻ ഇവിടത്തെ സാധാരണക്കാർക്കു കഴിവില്ല.

സമ്മേളനത്തിൽ നിർവചിക്കപ്പെട്ട പ്രശ്നങ്ങളുടെ പരിഹാരമാർഗം അതാതു സേവനത്തുറകൾതന്നെ കണ്ടുപിടിക്കണമെന്നു പ്രഖ്യാപനം ചൂണ്ടിക്കാണിച്ചു. സേവനത്തുറകളിലേർപ്പെട്ടവർ തങ്ങളുടെ തൊഴിലിൽ പരമാവധി ഉത്കർഷം (എക്സെലൻസ്) നേടുവാൻ പരിശ്രമിക്കണം; കർശനമായ ഒരു സദാചാരസംഹിതയ്ക്കു് അവർ സ്വേച്ഛയാ വിധേയരായിരിക്കുകയും വേണം. വ്യത്യസ്തസേവനത്തുറകളിലുള്ളവർ തമ്മിൽ നിരന്തരമായി ആശയവിനിമയം നടക്കേണ്ടതും ഒരാവശ്യമാണു്. ഇതിനായി 'സേവനത്തുറകൾ ജനങ്ങൾക്കുവേണ്ടി' (പ്രൊഫെഷൻസ് ഫോർ പീപ്പിൾ) എന്ന ഒരു പ്രസ്ഥാനമാരംഭിക്കേണ്ടതാണെന്നും പ്രഖ്യാപനം അഭിപ്രായപ്പെട്ടു.

ജീവിതമേന്മ വളരെ വലിയ ഒരളവിൽ, സേവനത്തുറകളുടെ മേന്മയെ ആശ്രയിച്ചിരിക്കുന്നു. ആധുനിക ഭാരതത്തിലെ നാലു പ്രധാന സേവനത്തുറകളിലെ നേതാക്കൾ തങ്ങളുടെ പ്രശ്നങ്ങളും തങ്ങൾ ഉൾപ്പെട്ട സമൂഹത്തിൻെറ പ്രശ്നങ്ങളും തുറന്നു ചർച്ചചെയ്യുകയും വ്യക്തമായ ചില നിഗമനങ്ങളിലെത്തുകയുംചെയ്തുവെന്നതു പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണു്. പക്ഷേ, മലയാളത്തിലെ ഒരു പത്രത്തിലും ഈ സമ്മേളനത്തിൻെറ സംക്ഷിപ്ത വിവരമെങ്കിലും പ്രസിദ്ധീകരിച്ചതായി കാണുകയുണ്ടായില്ല. പല മലയാളപത്രങ്ങൾക്കും ദില്ലിയിൽ വാർത്താബ്യൂറോകളും മുഴുസമയലേഖകരുമുണ്ടു്. പക്ഷേ, ഈ സമ്മേളനം അവർക്കൊന്നും 'വാർത്ത'യായിരുന്നില്ല.

നമ്മുടെ പത്രപ്രവർത്തനമെന്ന സേവനത്തുറയുടെ നിലവാരത്തകർച്ച ഇതിൽനിന്നുതന്നെ വെളിവാകുന്നില്ലേ?

(2 മെയ്, 1984)

## 88. അദ്ധ്യാപകരെപ്പററി

സ്വാതന്ത്ര്യത്തിനുശേഷമുള്ള മുപ്പത്തേഴു വർഷങ്ങളിൽ ഇന്ത്യയിലെ സമൂഹത്തിലാകെ കടുത്ത ധാർമികാധഃപതനം സംഭവിച്ചിട്ടുണ്ടെന്ന വസ്തുത എല്ലാവരും അംഗീകരിക്കുന്നുണ്ടു്. കൂടുതൽ പണവും കൂടുതൽ വിദ്യാഭ്യാസവും കൂടുതൽ ജീവിതസൗകര്യങ്ങളും ഉള്ളവർക്കിടയിലാണു് ഈ

അധഃപതനം കൂടുതൽ വ്യാപിച്ചിട്ടുള്ളത് എന്ന കാര്യത്തിലും ആർക്കും സംശയമില്ല.

കൂടുതൽ പണവും കൂടുതൽ വിദ്യാഭ്യാസവും കൂടുതൽ ജീവിതസൗകര്യങ്ങളുമുള്ള പല സാമൂഹ്യവിഭാഗങ്ങളും ഉണ്ടല്ലോ. മുതലാളിമാർ, വ്യാപാരികൾ, സർക്കാർ—അർദ്ധസർക്കാർസ്ഥാപനങ്ങളിലെ ജോലിക്കാർ, ഡോക്ടർമാർ, വക്കീലന്മാർ, എൻജിനീയർമാർ, അദ്ധ്യാപകർ, രാഷ്ട്രീയപ്രവർത്തകർ തുടങ്ങിയ ഈ ജനവിഭാഗങ്ങളിൽ, കൂടുതൽ ധാർമികാധഃപതനം ബാധിച്ചിട്ടുള്ളത് ഏതു ജനവിഭാഗത്തെയാണ്?

ഈ ചോദ്യത്തിന് ഉത്തരം നൽകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒന്നാമത്, ഈ വിഷയത്തിൽ എൻെറ ധാരണ എന്തായാലും അതിനെ വസ്തുതകൾ നിരത്തി തെളിയിക്കാനുള്ള കഴിവ് എനിക്കില്ല. രണ്ടാമത്, ഏതെങ്കിലും ഒരു ജനവിഭാഗത്തെ അങ്ങനെ വേറിട്ടെടുത്ത് 'ആക്ഷേപിച്ച്' ആ വിഭാഗത്തിൽപ്പെട്ടവരുടെ തീരാപ്പക ഞാൻ എന്തിനു നേടണം? സമൂഹത്തെ അടക്കി കുററം പറഞ്ഞാൽ അതു് 'ആക്ഷേപം' ആവുകയില്ല. അതിൽ ആർക്കും പരാതിയുമില്ല. എന്നാൽ, ഏതെങ്കിലും ഒരു വിഭാഗത്തെ വേറിട്ടെടുത്ത് എന്തെങ്കിലും പറഞ്ഞാൽ അപ്പോൾ കാണാം പ്രതിഷേധങ്ങളുടെ ഒരു മഹാപ്രവാഹംതന്നെ ഉരുൾ പൊട്ടിപ്പുറപ്പെടുന്നതു്!

അതിനാൽ ഞാൻ ചോദ്യം ചോദിക്കുന്നതേയുള്ളു. ഉത്തരം പറയുന്നില്ല; സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല.

എങ്കിലും, ഉത്തർപ്രദേശിലെ അദ്ധ്യാപകവർഗത്തെപ്പററി ജനുവരി 22—ലെ 'ഹിന്ദു' പത്രത്തിൽ ചേർത്തിരുന്ന ഒരു ലേഖനത്തിലേക്ക് വായനക്കാരുടെ ശ്രദ്ധ ആകർഷിക്കാതിരിക്കാൻ മനസ്സുവരുന്നില്ല. ഉപ്പിന് ഉവർപ്പ് നഷ്ടപ്പെട്ടാൽ, മറെറന്തുകൊണ്ട് അതിന് ഉവർപ്പു നൽകാം? ധാർമികമായ നട്ടെല്ല് സമൂഹത്തിന് ഉണ്ടാക്കേണ്ട അദ്ധ്യാപകവർഗം അധഃപതിച്ചാൽ, പിന്നെ ആ അദ്ധ്യാപകവർഗത്തെ എങ്ങനെ ഉദ്ധരിക്കാനാണ്?

എളിമയിൽ ജീവിച്ച് ഉയർന്ന മൂല്യങ്ങൾ സ്ഥാപിച്ചവരാണ് ഇന്ത്യയിലെ അദ്ധ്യാപകർ. ഋഷിമാരുടെ കഥകൾ ഇരിക്കട്ടെ. അടുത്ത കാലത്തെ സ്ഥിതി എന്തായിരുന്നു? തിലകൻ, ഗോഖലേ, ശ്രീനിവാസ ശാസ്ത്രി, കൃപലാനി, നരേന്ദ്രദേവ്, രാധാകൃഷ്ണൻ, സാക്കീർ ഹുസൈൻ മുതലായ എത്രയോ അദ്ധ്യാപകരുടെ ഉദാഹരണങ്ങൾ നമ്മളിൽ പലരുടെയും കൺമുമ്പിൽനിന്നു മറഞ്ഞുപോയിട്ട് ഏറെ ദിവസങ്ങളായിട്ടില്ല.

ശരി, നമുക്ക് ഉത്തർപ്രദേശിലേക്കു ചെല്ലുക. അവിടെ വർഷാന്ത പരീക്ഷയുടെ കാലമാണത്രെ. പക്ഷേ, പ്രൈവററ് സെക്കൻഡറി സ്കൂളുകൾ മുഴുവൻ സർക്കാർ ഏറെറടുക്കണമെന്നാവശ്യപ്പെട്ട് സെക്രട്ടറിയേററിനു മുമ്പിൽ അദ്ധ്യാപകർ അനിശ്ചിതകാലത്തേക്കു സത്യാഗ്രഹം ആരംഭിച്ചിരിക്കുന്നു. അതിനാൽ പരീക്ഷകൾ നടക്കുന്നില്ല. ജനുവരി 23—ാം തീയതിക്കുമുമ്പ് തങ്ങളുടെ ആവശ്യം അനുവദിച്ചില്ലെങ്കിൽ സമരം ജില്ലാതലസ്ഥാനങ്ങളിലേക്കും വ്യാപിക്കുമെന്ന് അദ്ധ്യാപകർ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും സർക്കാർ വഴങ്ങുന്ന മട്ടില്ല. ഫലം വിദ്യാഭ്യാസം സ്തംഭിച്ചിരിക്കുന്നു; രക്ഷിതാക്കൾ മാനേജർമാരുടെ ഭാഗത്തു നിലയുറപ്പിക്കാൻ ഈ സ്തംഭനം കാരണമായിരിക്കുന്നു.

ഈ പ്രശ്നത്തിൽ ഭരണകക്ഷി ഒരു തീരുമാനമെടുത്തിട്ടില്ല. പ്രക്ഷോഭണം നടത്തുന്ന അദ്ധ്യാപകരുടെ നേതാവായ പഞ്ചാനനറായ് ഒരു കോൺഗ്രസ് (ഐ) എം. എൽ. എ. ആണ്. തൻെറ പാർട്ടിയിലെ ഇരുനൂറ് എം. എൽ. എ. മാരെങ്കിലും സ്വകാര്യസ്കൂൾ മാനേജുമെൻറുകളുമായി ബന്ധപ്പെട്ടവരാണെന്നും അതുകൊണ്ടാണ് വിദ്യാഭ്യാസ

ദേശസാത്കരണത്തിനനുകൂലമായി പാർട്ടി തീരുമാനമെടുക്കാത്തതെന്നും ശ്രീ റായ് ആരോപിച്ചിരിക്കുന്നു.

പ്രശ്നം ദേശസാത്കരണമല്ലേ? സമരത്തെ അനുകൂലിക്കാനാണ് പ്രഥമദൃഷ്ടിയിൽ നമുക്കു തോന്നുക. പക്ഷേ, വസ്തുതകൾ എന്തെല്ലാമാണ്? വിശദാംശങ്ങളിലേക്കു കടക്കുമ്പോഴാണ് നാം നട്ടങ്ങിപ്പോകുന്നത്.

ഒന്നാമത്, പ്രൈവററ് ഹൈസ്കൂൾ അധ്യാപകർ ഉത്തർപ്രദേശിലും ചൂഷണവിധേയരല്ല. സർക്കാർ ട്രഷറിയിൽനിന്ന് അവർക്കു നേരിട്ടു ശമ്പളം കൊടുക്കുന്നു. മാനേജർമാർ ഫീസ് പിരിച്ച് എൺപതു ശതമാനം ട്രഷറിയിലടയ്ക്കുന്നു. ശമ്പളത്തിന് ഇതു മതിയാവാത്തതിനാൽ, അധികംവേണ്ട തുക സർക്കാർ നൽകുന്നു.

രണ്ടാമത്, അധ്യാപകർക്ക് ജോലിസ്ഥിരത ഉത്തർപ്രദേശിലുമുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരം നേടാതെ മാനേജർക്ക് അവിടെയും അധ്യാപകരെ പിരിച്ചുവിട്ടുകൂടാ. അധ്യാപകരെ നിയമിക്കുന്നതിലും സ്കൂൾ മാനേജർക്ക് ഒരു കൈയുമില്ല. അതിനാൽ, കേരളത്തിലെന്നപോലെ മാനേജർമാർ കോഴ വാങ്ങി അധ്യാപകരെ നിയമിക്കുന്ന പ്രശ്നം ഉത്തർപ്രദേശിൽ ഇല്ല. ഉത്തർപ്രദേശിൽ അധ്യാപകർക്കു പെൻഷനുണ്ട്. അവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ വൈദ്യസഹായം ലഭിക്കുന്നു. ശമ്പളക്കൂടുതൽ വേണമെന്ന് അധ്യാപകർ ആവശ്യപ്പെടുന്നുമില്ല.

ആ നിലയിൽ, പ്രൈവററ് സെക്കൻഡറി സ്കൂൾ അധ്യാപകരുടെ അവശതകൾ എന്താണ്? എന്തിനുവേണ്ടിയാണ് ദേശസാത്കരണം?

ഉത്തർപ്രദേശിൽ അയ്യായിരത്തിലേറെ പ്രൈവററ് സെക്കൻഡറി സ്കൂളുകളുണ്ട്.

അവയിൽ അഞ്ഞൂറെണ്ണത്തിന് സർക്കാരിൽനിന്നു സഹായധനം ലഭിക്കുന്നില്ല. സഹായധനം കിട്ടാത്ത ഈ സ്കൂളുകളിൽ ഏറെയും ഇംഗ്ലീഷ് മീഡിയത്തിലൂടെ വിദ്യാഭ്യാസം നൽകുന്നവയാണ്. വിദ്യാർഥികളിൽനിന്നു കനത്ത ഫീസ് ഈടാക്കുന്ന ഈ സ്കൂളുകളിൽ വലിയ കോഴ കൊടുത്തും തങ്ങളുടെ കുട്ടികളെ ചേർക്കാൻ രക്ഷിതാക്കൾക്കു മടിയില്ല.

കാരണം, സർക്കാർ—എയ്ഡഡ് പ്രൈവററ്—സ്കൂളുകളിലെ പഠനനിലവാരം പാതാളത്തോളം താഴ്ന്നുപോയിരിക്കുന്നു. അച്ചടക്കം സർക്കാർ—എയ്ഡഡ്സ്കൂളുകളിലില്ല. അവയിൽ പഠിപ്പും നടക്കുന്നില്ല. സഹായം ലഭിക്കാത്ത (അൺ എയ്ഡഡ്) പ്രൈവററ് സ്കൂളുകൾ ദേശസാൽക്കരിക്കണമെന്നതാണ് സമരംചെയ്യുന്ന അധ്യാപകരുടെ മുഖ്യ ആവശ്യം.

അധ്യാപകർ സ്കൂളിൽ സമയത്തിനു ഹാജരാവുന്നുണ്ടോ എന്നും അവർ വല്ലതും പഠിപ്പിക്കുന്നുണ്ടോ എന്നും നോക്കാൻ പ്രൈവററ് സ്കൂൾ മാനേജ്മെൻറുകൾക്കുള്ള അവകാശത്തെയാണ് സമരംചെയ്യുന്ന അധ്യാപകർ ചോദ്യംചെയ്യുന്നതെന്ന് ഉത്തർപ്രദേശ് സ്കൂൾ മാനേജർമാരുടെ അസോസിയേഷന്റെ വൈസ്പ്രസിഡണ്ട് പറയുന്നു. പരീക്ഷാഫലം എത്ര മോശമായാലും അധ്യാപകരിൽ പഴിചാരിക്കൂടാ. നിയന്ത്രണം സർക്കാർ ഏറെറടുത്തതിന്റെ ഫലമായി പ്രൈവററ് സ്കൂൾ മാനേജ്മെൻറുകൾ മിക്കവാറും നിഷ്പ്രയോജനങ്ങളായിരിക്കുന്നു. എന്നാലും, സ്കൂൾ നടത്തിപ്പിൽ ചില നൈതിക സമ്മർദങ്ങൾ അവർ ചെലുത്തുന്നുണ്ട്. ഈ സമ്മർദങ്ങൾകൂടി നീക്കംചെയ്യുകയാണ് പ്രക്ഷോഭകാരികളുടെ ലക്ഷ്യം എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

ഉത്തർപ്രദേശിൽ പ്രൈമറി വിദ്യാഭ്യാസവും 'ജൂനിയർ ഹൈ' (അപ്പർ പ്രൈമറി) വിദ്യാഭ്യാസവും ദേശസാൽക്കരിച്ചിരിക്കുന്നു. ദേശ

സാത്കരിക്കപ്പെട്ട ഈ സ്കൂളുകളിലെ സ്ഥിതി അമ്പരപ്പ് ഉളവാക്കുന്നതാണ്. അദ്ധ്യാപകരിൽ ഭൂരിപക്ഷവും ഊഴമിട്ട് സ്കൂളുകളിൽ ഹാജരാവാതിരിക്കുന്നു. സ്കൂൾകെട്ടിടങ്ങളിൽ മരാമത്തു നടക്കുന്നില്ല. ബഞ്ചും, ഡെസ്കും, മേശയും, കസേരയും, ബോർഡും, ചോക്കും മററും സ്കൂളുകളിൽ വാങ്ങാതായിട്ട് വളരെ വർഷങ്ങളായി.

അദ്ധ്യാപകരിൽ വളരെ വലിയ ഒരു വിഭാഗം, അഴിമതിക്കു പേരുകേട്ട പോലീസുകാരേക്കാൾ കൂടുതൽ അഴിമതിക്കാരായി മാറിയിരിക്കുന്നു എന്ന് ഉത്തർപ്രദേശിൽനിന്നുള്ള ഒരു മുൻ കേന്ദ്രമന്ത്രി—ഇദ്ദേഹം ഒരു സ്കൂൾ മാനേജർ കൂടിയാണ്—ഈയിടെ വിലപിക്കുകയുണ്ടായി.

പരീക്ഷകളിൽ കൂട്ടക്കോപ്പിയടി, ചോദ്യക്കടലാസ് പുറത്താവൽ, കാശു വാങ്ങി മാർക്കു നൽകൽ എന്നിവ ഉത്തർപ്രദേശിൽ നിത്യസംഭവങ്ങളായിരിക്കുന്നു. അദ്ധ്യാപകർ നടത്തുന്ന 'കോച്ചിങ് സ്കൂളുകൾ' സാർവത്രികങ്ങളായിട്ടുണ്ട്. ഇവ സ്വകാര്യമായി നടത്തുന്ന അദ്ധ്യാപകർ തങ്ങൾ ശമ്പളം വാങ്ങി ജോലിയെടുക്കുന്ന പൊതു സ്കൂളുകളിൽ വന്നാൽ, പഠിപ്പിക്കുകയില്ല. സയൻസ്, മാത്തമാററിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ പൊതു സ്കൂളുകളിൽ പഠിപ്പിക്കാറേയില്ല. പരീക്ഷയ്ക്കുള്ള ഈ വിഷയങ്ങൾ പഠിക്കാൻ കുട്ടികൾ ഫീസ് കൊടുത്ത് അദ്ധ്യാപകരുടെ സ്വകാര്യ 'കോച്ചിങ്' സ്കൂളുകളിൽ ചേരണം. 'കോച്ചിങ് സ്കൂളുകൾ' സ്വന്തമായി നടത്താത്ത അദ്ധ്യാപകർ കുട്ടികൾക്കു കൂട്ടമായി 'ട്യൂഷൻ ക്ലാസ്സുകൾ' നടത്തുന്നു. സൗജന്യമായല്ല; നല്ല ഫീസ് വാങ്ങിത്തന്നെ. 'കോച്ചിങ്' സ്കൂളുകളിലും 'ട്യൂഷൻ' ക്ലാസ്സുകളിലും കുട്ടികൾ ചേരാൻവേണ്ടി, കാൽക്കൊല്ലം—അരക്കൊല്ലം പരീക്ഷകളിൽ കുട്ടികളെ കൂട്ടമായി തോല്പിക്കുന്നു.

സർക്കാർ—എയ്ഡഡ് സ്കൂളുകളിൽ വിദ്യാഭ്യാസവർഷം അവസാനിക്കാറായിട്ടും പാഠ്യവിഷയത്തിൻെറ നാലിലൊന്നുപോലും എടുത്തുകഴിഞ്ഞിട്ടില്ലെന്നും, അതേസമയം സഹായം കിട്ടാത്ത സ്വകാര്യ സ്കൂളുകളിൽ പാഠ്യവിഷയം മുഴുവൻ പഠിപ്പിച്ചശേഷം റിവിഷൻ ചെയ്തുകൊണ്ടിരിക്കുകയാണെന്നും ഈയിടെ നടത്തിയ ഒരു താരതമ്യ പഠനം വെളിപ്പെടുത്തുകയുണ്ടായി.

ഇതെല്ലാം നിമിത്തം സർക്കാർ—എയ്ഡഡ് സ്കൂളുകളിൽ പരീക്ഷാഫലം അമ്പരപ്പുളവാക്കുംവിധം മോശമാവുന്നു. സഹായം ലഭിക്കാത്ത പ്രൈവററ് സ്കൂളുകൾ പരീക്ഷകളിൽ ഉയന്ന വിജയശതമാനം കാണിക്കുകയുംചെയ്യുന്നു. തങ്ങളുടെ കുട്ടികൾ നശിച്ചുപോകണമെന്ന് ആഗ്രഹിക്കാത്ത രക്ഷിതാക്കൾ കനത്ത ഫീസ് വാങ്ങുന്ന പ്രൈവററ് സ്കൂളുകൾക്കു മുമ്പിൽ ക്യൂ നിൽക്കുന്നതിൽ ആശ്ചര്യപ്പെടാനുണ്ടോ? സർക്കാർ—എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർകൂടിയും സ്വന്തം കുട്ടികളെ 'സ്വകാര്യ' സ്കൂളുകളിലയയ്ക്കാനാണ് ഇഷ്ടപ്പെടുന്നത്.

അദ്ധ്യാപകർ ദേശസാത്കരണത്തിനുവേണ്ടി ഒരു വശത്തു സമരം നടത്തിക്കൊണ്ടിരിക്കെ, മാനേജ്മെൻറ് മറുവശത്തു കൂടുതൽ അധികാരങ്ങൾക്കുവേണ്ടി സർക്കാരിൽ സമ്മർദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. ജോലി നിർവഹിക്കുന്നതിൽ വീഴ്ചവരുത്തുകയും, സ്വന്തമായി കോച്ചിങ് സ്കൂളുകളും ട്യൂഷൻ ക്ളാസ്സുകളും നടത്തുകയും, അവയിൽ ചേരാൻ വിദ്യാർത്ഥികളെ നിർബന്ധിക്കുകയുംചെയ്യുന്ന അദ്ധ്യാപകർക്ക് എതിരായി നടപടികൾ എടുക്കാൻ തങ്ങൾക്ക് അധികാരം വേണമെന്ന് അവർ വാദിക്കുന്നു. (യഥാർത്ഥത്തിൽ അവർ ലക്ഷ്യമാക്കുന്നത്, അദ്ധ്യാപകനിയമനത്തിനു കോഴ വാങ്ങുന്നതിനുള്ള, കേരളത്തിൽ എത്രയോ കാലമായി സ്കൂൾ മാനേജർമാർ അനുഭവിച്ചുവരുന്ന, അവകാശത്തെയായിരിക്കും.)

ഉത്തർപ്രദേശിൽ സമരം നടത്തുന്ന സെക്കൻഡറി അദ്ധ്യാപകർ 'പാണ്ഡേഗ്രൂപ്പ്' എന്നും 'ശർമാഗ്രൂപ്പ്' എന്നും രണ്ടു വിഭാഗങ്ങളായി തിരിഞ്ഞിരിക്കുകയാണ്. രണ്ടു ദിവസങ്ങളിലാണ് ഇവർ ഒരേ കാര്യത്തിനു സമരം ആരംഭിച്ചതു്. പാണ്ഡേ ഗ്രൂപ്പിന്റെ ആവശ്യം, പ്രൈവററ് സ്കൂളുകളെല്ലാം സർക്കാർ ഏറെറടുത്തു നേരിട്ടു നടത്തണമെന്നതാണ്. സ്കൂളുകൾ നടത്താൻ സ്വയം ഭരണമുള്ള ഒരു സ്ഥാപനം നിലവിൽ വരുത്തണമെന്നു് ശർമാഗ്രൂപ്പുകാർ വാദിക്കുന്നു. ഇത്തരമൊരു സ്ഥാപനം (ആട്ടോണമസ്ബോഡി) ഭരണകക്ഷിയിൽപ്പെട്ട ഏതാനും അദ്ധ്യാപകനേതാക്കളുടെ നിക്ഷിപ്തതാത്പര്യങ്ങൾ സംരക്ഷിക്കുകയേ ഉള്ളൂ എന്നു് പാണ്ഡേഗ്രൂപ്പുകാർ ആരോപിക്കുന്നു.

കേന്ദ്ര വിദ്യാഭ്യാസമന്ത്രി ശ്രീമതി ഷൈലാ കൗൾ പ്രതിനിധാനം ചെയ്യുന്നതു് ഉത്തർപ്രദേശിലെ ലഖ്നൗ നിയോജകമണ്ഡലത്തെയാണ്. ഉത്തർപ്രദേശിലെ വിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉത്തർപ്രദേശ് രക്ഷാകർത്തൃസംഘടനയുടെ ഒരു നിവേദകസംഘം ഈയിടെ ശ്രീമതി കൗളിനെ ചെന്നു കാണുകയുണ്ടായി. വിദ്യാഭ്യാസത്തിൽ ഉത്തർപ്രദേശിലേതുപോലുള്ള ഒരു സ്ഥിതിവിശേഷം ഇന്ത്യയിൽ മററൊരു സംസ്ഥാനത്തിലുമില്ലെന്നു് ശ്രീമതി കൗൾ അവരോടു പറഞ്ഞു. സ്കൂളിൽ ഹാജരാവാത്തവരും സമരം നടത്തിക്കൊണ്ടിരിക്കുന്നവരുമായ എല്ലാ അദ്ധ്യാപകർക്കും ഉത്തർപ്രദേശിൽ ശമ്പളം മുറയ്ക്കു കിട്ടുന്നുണ്ട്. 'ഡൈസ്നോൺ' അവിടെയില്ല. 'ജോലി ചെയ്യാത്തവർക്കു കൂലിയില്ല' എന്ന തത്ത്വവും അവിടെ ബാധകമല്ല. മററാർക്കുമില്ലാത്ത അവകാശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപകരുടെ ആക്രമണോന്മുഖവും ഉത്തരവാദിത്തരഹിതവുമായ പ്രവർത്തനങ്ങൾ സഹിച്ച് അടങ്ങിയിരിക്കാതെ, അവർക്കെതിരെ കർശനങ്ങളായ നടപടികൾ കൈക്കൊള്ളണമെന്നു് കേന്ദ്ര വിദ്യാഭ്യാസമന്ത്രി നിവേദകസംഘത്തോടു് ആവശ്യപ്പെട്ടു.

അവിടെ അങ്ങനെ; ഇവിടെ എങ്ങനെ?

(25 ജനുവരി, 1984)

# 89. മദ്രാസ് സർവകലാശാലയുടെ ശതാബ്ദ്യനന്തര രജതജൂബിലി

മദ്രാസ് സർവകലാശാലയുടെ ശതാബ്ദ്യനന്തര രജതജൂബിലി (നൂററിരുപത്തഞ്ചാം വാർഷികം) ഇക്കഴിഞ്ഞ സെപ്തംബർ 20-ാം തീയതി മുതൽ നാലു ദിവസങ്ങളിലായി ആഘോഷിക്കപ്പെടുകയുണ്ടായി.

വാസ്തവത്തിൽ ഈ ജൂബിലി ആഘോഷിക്കേണ്ടിയിരുന്നതു് കഴിഞ്ഞ ആണ്ടിലാണ്. കാരണം, 1857-മാണ്ടിലായിരുന്നു കൽക്കത്തയിലേയും ബോംബെയിലേയും സർവകലാശാലകളോടൊപ്പം മദ്രാസ് സർവകലാശാല പ്രവർത്തനമാരംഭിച്ചതു്. പ്രസിഡൻസി സർവകലാശാലകൾ എന്നു വിളിക്കപ്പെട്ടിരുന്ന ഈ മൂന്നു കലാശാലകൾ സ്ഥാപിക്കപ്പെടുംമുമ്പുതന്നെ ഏതാനും കോളേജുകൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഈ കോളേജുകളുടെ വിദ്യാഭ്യാസനിലവാരത്തിൽ ഐകരൂപ്യം ഉറപ്പുവരുത്തുന്നതിനായി ഇവയിൽ പ്രവേശനംനേടുന്ന വിദ്യാർത്ഥികൾക്കു് ഉണ്ടാവേണ്ട അടിസ്ഥാനയോഗ്യത, പഠനപരിപാടികൾ,